പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 434 **13-10-2026-ൽ മറുപടിയ്ക്ക്**

പ്രവേശന പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പ്രവേശന പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രാജ്യത്താകമാനം രജിസ്റ്റർ ചെയ്ത കേസുകൾ അതത സംസ്ഥാനങ്ങൾക്ക് പിൻവലിക്കാവുന്നതാണ് എന്ന സുപ്രീം കോടതി നിർദേശത്തെ തുടർന്ന് സംസ്ഥാനത്ത് എത്ര കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്; പ്രസ്തുത കേസുകളിൽ എത്ര പേരാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ;

മറുപടി: പ്രവേശന പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളുടെ ഭാഗമായി കേരളത്തിൽ നടന്ന പ്രതിഷേധ സമരങ്ങൾക്ക് 59 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകളുമായി ബന്ധപ്പെട്ട 716 പേരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ബഹു സുപ്രീംകോടതിയുടെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം പിൻവലിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കേസുകൾ പിൻവലിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിൽ എത്ര കേസുകൾ പിൻവലിക്കുന്നതിന് കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്; എത്ര കേസുകൾ പിൻവലിക്കുന്നതിന് കോടതി അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് ഗുരുതര സ്വഭാവമുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കുട്ടികളുടെ ഭാവി കണക്കിലെടുത്ത്, അവ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: പ്രതിഷേധസമരവുമായി ബന്ധപ്പെട്ട PDPP Act പ്രകാരം 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം സിറ്റിയിലെ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1071/2026, കണ്ണൂർ സിറ്റിയിലെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 669/2026). ബഹു. സുപ്രീം കോടതിയുടെ 01.09.2026-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ 2 കേസുകൾ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ